# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2979 07.11.2019 ൽ മറുപടിക്ക്**

**മാളിക പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മാളിക പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണത്തിനായി 23.07.2016-ലെ സ.ഉ.(സാധാ) നം.1093/2016/ പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അൻപത് ലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമ പഞ്ചായത്തിലെ മാളികപ്പറമ്പ് ബസ് സ്റ്റോപ്പിനു സമീപം വിജയം കനാലിനു കുറുകെ കലുങ്ക് നിർമ്മിക്കുന്നതിന് MLA-ADS (LAC-ADS) പദ്ധതിയിൽ ഉൾപ്പെടുത്തി 23/07/2016-ൽ ഭരണാനുമതി ലഭിച്ചിരുന്നു. നിർദ്ദിഷ്ട കലുങ്ക് പണിയേണ്ട ഭാഗം മൂന്ന് മൺ റോഡുകളും, മൂന്ന് തോടുകളും സംഗമിക്കുന്ന ഭാഗങ്ങളാണ്. കലുങ്ക് നിർമ്മിക്കുന്നതിന് അതിർത്തിയും ഉടമസ്ഥതയും സംബന്ധിച്ച് അറിയുന്നതിനും, NOC ക്കും വേണ്ടി ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ നിന്നും വിശദാംശങ്ങൾ 30.10.2019 ന് മാത്രമാണ് ലഭിച്ചത്. അന്ന് മാത്രമാണ് ടി തോട് ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണെന്ന് അറിഞ്ഞത്. ഈ കാരണങ്ങളാലാണ് മേൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്. |

| | |
|---|---|
| (ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അവസാനിച്ചതെന്ന് അറിയിക്കാമോ; | (ബി) & (സി) ടി പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി 22/07/2019-ൽ അവസാനിച്ചു. |
| (സി) ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ